# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 133 | 26.02.2018 ൽ മറുപടിക്ക്

### ഇ-രേഖ സോഫ്റ്റ് വെയർ

**ചോദ്യം** | **ഉത്തരം**

ശ്രീ.പി.കെ.ബഷീർ | പിണറായി വിജയൻ (മുഖ്യമന്ത്രി)

(എ) ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായുള്ള കൊലപാതകം, മോഷണം തുടങ്ങിയ കുറ്റകൃത്യങ്ങൾ നാൾക്കുനാൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ പക്കൽ കണക്കുകൾ ലഭ്യമാണോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായിട്ടുള്ള | | | | |
|---|---|---|---|---|
| | 2015 | 2016 | 2017 | 2018 (upto 20.02.2018) |
| കൊലപാതക കേസുകളുടെ എണ്ണം | 23 | 19 | 20 | 0 |
| മോഷണ കേസുകളുടെ എണ്ണം | 139 | 137 | 125 | 18 |

(ബി) ഇവരുടെ വിവരശേഖരണത്തിനായി ആരംഭിച്ച ഇ-രേഖ എന്ന സോഫ്റ്റ് വെയറും ഇതു സംബന്ധിച്ച തുടർ പ്രവർത്തനങ്ങളും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ടി പദ്ധതി പ്രകാരം എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണത്തിനായി 'ഇ-രേഖ' എന്ന സോഫ്റ്റ് വെയർ വികസിപ്പിച്ചെടുത്തിട്ടുള്ളതും ആയത് പ്രകാരം സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിൽ നിന്നും പോലീസ് ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകിയിട്ടുള്ളതുമാണ്. ഓരോ പോലീസ് സ്റ്റേഷനിലും പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥർ സോഫ്റ്റ് വെയറിൽ വിവരങ്ങൾ ശേഖരിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങളാണ് പ്രസ്തുത ആപ്ലിക്കേഷൻ വഴി ശേഖരിക്കുന്നത്.

(സി) ഇതിനായി ചുമതലപ്പെടുത്തിയ റൂറൽ-സിറ്റി പോലീസ് സ്റ്റേഷനുകൾ, സ്പെഷ്യൽ ബ്രാഞ്ച്, ക്രൈം റിക്കോഡ്സ് ബ്യൂറോ എന്നീ വിഭാഗങ്ങൾ നാളിതുവരെ

(സി) ഇതിനായി ചുമതലപ്പെടുത്തിയ റൂറൽ-സിറ്റി പോലീസ് സ്റ്റേഷനുകൾ, സ്പെഷ്യൽ ബ്രാഞ്ച്, ക്രൈം റിക്കോഡ്സ് ബ്യൂറോ എന്നീ വിഭാഗങ്ങളുടെ

| | | | |
|---|---|---|---|
| | നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; | | പ്രവർത്തന ഫലമായി ഇ-രേഖ പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) | ഇ-രേഖയുടെ ഭാഗമായി ലേബർ ക്യാമ്പുകൾ, ക്ഷേമനിധി ഓഫീസുകൾ, ആരോഗ്യ വകുപ്പ് എന്നിവയിൽ നിന്നും കരാറുകാരിൽ നിന്നുമുള്ള കണക്കുകൾ ആഭ്യന്തരവകുപ്പ് ശേഖരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | കണക്കുകൾ ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.